**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് - 3 തസ്തികയിൽ നിയമനം ലഭിച്ച ശ്രീ.ബി.അനിൽകുമാർ പ്രീ-സർവ്വീസ് ട്രെയിനിങ് പൂർത്തിയാക്കി നിയമനം കാത്തു നിന്ന കാലയളവിലെ സർവ്വീസ് ബ്രേക്ക് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ. (സാധാ) നം. 123/2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം,16/01/2017.

പരാമർശം :- 1. 20.06.2015 തീയതിയിലെ സ.ഉ.(സാധാ.) നം.1842/2015/ത.സ്വ.ഭ.വ.

2. 03.09.2015 തീയതിയിലെ സ.ഉ.(സാധാ.) നം.2671/20145 ത.സ്വ.ഭ.വ.

3. മരട് നഗരസഭാ സെക്രട്ടറി ശ്രീ.ബി.അനിൽകുമാർ സമർപ്പിച്ച 13.01.2016 തീയതിയിലെ ജി1-325/11 Vol II നമ്പർ കത്ത്.

4. നഗരകാര്യ ഡയറക്ടറുടെ 22.03.2016 തീയതിയിലെ ഇ 2-1984/16 നമ്പർ കത്ത്.

**ഉത്തരവ്**

മുനിസിപ്പൽ കോമൺ സർവ്വീസിൽ നിന്നും തസ്തികമാറ്റം വഴി മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് 3 ആയി നിയമനം ലഭിക്കുകയും നിലവിൽ മരട് നഗരസഭാ സെക്രട്ടറിയുമായ ശ്രീ.ബി.അനിൽകുമാറിന് പ്രീ സർവ്വീസ് ട്രെയിംനിങ് കഴിഞ്ഞ് നിയമനം ലഭിക്കുന്നതിനിടയിലുള്ള കാലയളവ് ക്രമീകരിക്കണമെന്നപേക്ഷിച്ച് പരാമർശം മൂന്ന് പ്രകാരം സമർപ്പിച്ച നിവേദനം, നഗരകാര്യ ഡയറക്ടർ പരാമർശം നാല് പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി. തസ്തികമാറ്റം വഴിയുള്ള നിയമനമായതിനാൽ പ്രീ-സർവ്വീസ് ട്രെയിനിങ് പൂർത്തിയാക്കി നിയമനം കാത്തു നിന്ന കാലയളവ് KS&SSR പ്രകാരം ഡ്യൂട്ടിയായി പരിഗണിച്ച് ടി കാലയളവിലെ സർവ്വീസ് ബ്രേക്ക് ക്രമീകരിച്ച് മുൻ സർവ്വീസിലെ ശമ്പളവും അലവൻസുകളും അനുവദിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് നിവേദനത്തിൽ അപേക്ഷിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രീ സർവീസ് ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കിയ ശേഷം മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് 3 തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന തിയതി മുതൽക്ക് മാത്രമേ ശ്രീ.ബി അനിൽകുമാർ പ്രസ്തുത തസ്തികയുമായി ബന്ധപ്പെട്ട ജോലികൾ നിർവഹിച്ചു തുടങ്ങുന്നുള്ളൂ. ആയതിനാൽ ടി തിയതി

മുതൽക്കാണ് മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്-3 തസ്തികയുമായി ബന്ധപ്പെട്ട സേവനാനുകൂല്യങ്ങൾക്ക് അർഹതയുള്ളത്. ഇക്കാരണത്താൽ പ്രീ സർവീസ് ട്രെയിനിംഗ് കഴിഞ്ഞ് തസ്തികയിൽ ജോലിയിൽ ചുമതലയേൽക്കുന്ന തിയതി വരെയുള്ള കാലയളവ് പ്രീ സർവീസ് ട്രെയിനിംഗിന്റെ ദീർഘിപ്പിക്കലായി ക്രമീകരിക്കാൻ മാത്രമേ നിർവാഹമുള്ളൂ. ടി കാലയളവിൽ ശ്രീ.ബി അനിൽകുമാറിന് ശമ്പളത്തിനോ സ്റ്റൈപന്റിനോ അർഹതയില്ല.

3. മേൽ സാഹചര്യത്തിൽ, ശ്രീ.ബി.അനിൽകുമാറിന്റെ പ്രീ സർവ്വീസ് ട്രെയിംനിങ് കഴിഞ്ഞ് നിയമനം ലഭിക്കുന്നതിനിടയിലുള്ള, 25.07.2015 മുതൽ 02.09.2015 വരെയുള്ള കാലയളവ്, ശമ്പളത്തിനോ സ്റ്റൈപന്റിനോ അർഹതയില്ലെന്ന നിബന്ധന പ്രകാരം, പ്രീ സർവീസ് ട്രെയിനിംഗിന്റെ ദീർഘിപ്പിക്കലായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എസ്.മോഹൻദാസ്**
**ജോയിന്റ് സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.
ശ്രീ.ബി.അനിൽകുമാർ, സെക്രട്ടറി, മരട് നഗരസഭ.
ധനകാര്യ വകുപ്പ് ( 10.08.2016 തീയതിയിലെ ഡെവ്-1/235/2016/ഫിൻ പ്രകാരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.